## അമേരിക്കയിലൂടെ—6

# വില്ക്കാനുണ്ട് പള്ളികൾ

അമേരിക്കയിൽ താമസിക്കുന്നുവെങ്കിലും അമേരിക്കൻ സംസ്കാരത്തിന്റെ ഭാഗമായിത്തീരാതെ ഭാരതത്തിന്റെ സംസ്കാരവും ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ഠാനങ്ങളും തെല്ലും വെടിയാതെ കെട്ടുറപ്പുള്ള ദാമ്പത്യജീവിതം നയിക്കുന്നവരും അവിടെ കുറവല്ല. അവിടെ ചില നാളുകൾ പാർക്കേണ്ടിവന്നിട്ടുള്ളതിൽ ഒരു കുടുംബം ഒന്നു ശ്രദ്ധിക്കുക. ഭാര്യ, ഭർത്താവ് ഒരു മകൾ, ഭാര്യയുടെ സഹോദരൻ. ഇത്രയും പേരാണ് ആ കുടുംബത്തിലുള്ളത്.

ഭർത്താവിന് ജോലി വൈകിട്ട് 8 മണിവരെ. ഭാര്യക്ക് രാത്രി 9 മണിക്ക് ഡ്യൂട്ടിക്ക് ഹാജരാവണം. കുട്ടിക്ക് പകൽ സ്കൂളും. കേരളത്തിൽ ജനിച്ചു വളർന്നതല്ലാത്ത കുട്ടി മലയാളം പറയുകയും വായിക്കുകയും ചെയ്യും. വൈകിട്ട് 8.15 നാണ് പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്. പാട്ടുപാടി, വേദപുസ്തകം വായിച്ച് ഒരുമിച്ച് പ്രാർത്ഥിക്കുന്നു. അതുപോലെ രാവിലെയും. ഒരുമിച്ചുള്ള അല്പസമയം ആ കുടുംബം പ്രാർത്ഥനയ്ക്കായി വേർതിരിച്ചിരിക്കുന്നു.

നാട്ടിലെ ബന്ധുക്കളുടെ ചിത്രങ്ങളടങ്ങിയ കാസറ്റുകളും ബൈബിൾ ചിത്രങ്ങളുമാണവർ വീട്ടിൽ അധികവും സൂക്ഷിച്ചിരിക്കുന്നത്.

ബൈബിൾ ചിത്രങ്ങൾ ചെറുപ്പകാലം മുതൽ കണ്ടു ശീലിച്ച കുട്ടി അതിലെ സംഭാഷണങ്ങൾ വരെ ഹൃദിസ്ഥമാക്കിയിട്ടുണ്ട്: അതുവഴി വേദപുസ്തകജ്ഞാനവും. ഞായറാഴ്ച പള്ളിയാരാധനയ്ക്കായി അവർ മുടങ്ങാതെ സമയം കണ്ടെത്തുന്നു. അക്രൈസ്തവരെ പോലും സമയം കിട്ടുമ്പോൾ വിളിച്ച് കുടുംബസുഹൃത്തുക്കളാക്കി യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുന്നു. അവരിൽ ചിലരെയെങ്കിലും ക്രിസ്തുവിലേക്കാകർഷിക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എന്നിൽ അത്ഭുതം ഉളവാക്കി.

പ്രതിസന്ധികൾ വരുമ്പോഴുള്ള സന്ദർശനവും സഹായങ്ങളും ഹൃദയം തുറന്നുള്ള പെരുമാറ്റരീതികളുമാണ് കേരളത്തിൽ നിന്നുള്ള അക്രൈസ്തവരിൽ ക്രിസ്തുവിനെക്കുറിച്ച് പഠിക്കുവാൻ അവരെ പ്രേരിപ്പിച്ചതെന്ന് അവർ തന്നെ എന്നോടു പറയുകയുണ്ടായി.

പരദൂഷണങ്ങളും ആഡംബരങ്ങളും വഴിതെറ്റിയുള്ള വാഗ്വാദങ്ങളും ഒഴിവാക്കി ജീവിക്കുന്ന കുടുംബത്തിന്റെ ഈ ചിത്രം അമേരിക്കൻ പര്യടനത്തിനിടയിൽ എന്നെ വല്ലാതെ ആകർഷിച്ചു എന്ന് പറയേണ്ടതില്ലല്ലോ. ആർക്കും അങ്ങനെയും ജീവിച്ച് ജീവിതത്തിന്റെ മാധുര്യം നിലനിർത്തുവാൻ കഴിയും എന്ന് വിളിച്ചറിയിച്ചു കൊണ്ടുള്ളതായിരുന്നു അവരുടെ ജീവിതചര്യകൾ തന്നെ.

ഇവർക്കിടയിൽ ഭാര്യയോ ഭർത്താവോ വലിയത് എന്ന തർക്കമില്ല. (പണസമ്പാദനത്തിൽ സ്ത്രീകളാണ് അമേരിക്കയിൽ മുൻപന്തിയിൽ) മെഡിക്കൽലൈനിൽ ജോലിയുള്ള സ്ത്രീകൾക്ക് പുരുഷന്മാരുടെ രണ്ടിരട്ടിതന്നെ ശമ്പളമുണ്ട്. ഒരുമിച്ചുള്ള സമയങ്ങളിൽ പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ സമാധാനത്തിന്റെ അന്തരീക്ഷത്തിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നു.

മറിച്ച് ഭർത്താവുദ്യോഗം ഭരിക്കുവാൻ വിധിക്കപ്പെട്ട പുരുഷന്മാർ തങ്ങളുടെ സകല വൈരാഗ്യവും പള്ളികളിൽ തീർക്കുന്നു. അച്ചന്മാരോടും മെത്രാനോടുമൊക്കെ.

മർത്തമറിയം സമാജത്തിന്റെ ഒരു ഭദ്രാസന സമ്മേളനത്തിൽ പങ്കെടുക്കുവാനവസരം ലഭിച്ചത് അമേരിക്കൻ ഇൻഡ്യൻ സ്ത്രീകളെക്കുറിച്ചു പഠിക്കുവാൻ അവസരം നല്കി. മലയാളമണ്ണിൽ ജനിച്ചുവളർന്ന് ജീവിതം നയിച്ച ഏറിയ പങ്ക് സ്ത്രീകളും ഈ മലയാളി സഭയിൽ അമേരിക്കൻ മെത്രാസനത്തിന്റെ മക്കാറിയോസ് തിരുമേനിയും കൊല്ലം ഇടവകയുടെ എപ്പിഫാനിയോസ് തിരുമേനിയുമിരിക്കെ 'മലയാലം' മറന്ന് 'കുറച്ചു മലയാളവും കുറച്ച് ഇംഗ്ലീഷും 'സംസാരിക്കുന്നതു കേട്ട് മൂക്കത്തു വിരൽ വയ്ക്കുവാൻ തോന്നിപ്പോയി. നമ്മുടെ സ്ത്രീകൾ 'മലയാലം മറന്നിരിക്കാം' 'പൗരോഹിത്യ പദവികൂടി നല്കി' സ്ത്രീകളെ സമഭാവനയോടെ വീക്ഷിക്കണം സഭ എന്നുവരെ അവർ പറയാൻ മടിച്ചില്ല.

### ഷേബാലി

'മെത്രാച്ചന്മാരെ' അച്ചാ എന്ന സംബോധന ചെയ്തു സംസാരിക്കുന്നവരും ഇടയ്ക്കിടെ എഴുന്നേറ്റ് തങ്ങളുടെ ആദ്ധ്യാത്മികത വെളിപ്പെടുത്തിയിരുന്നു ഈ സമ്മേളനത്തിൽ.

അമേരിക്കയിലെ രണ്ടാം തലമുറ അനുഭവങ്ങളുടെ വെളിച്ചത്തിൽ അനേക കാര്യങ്ങൾ സ്വയം ആർജ്ജിച്ച് ആത്മീയതയിലേക്ക് മടങ്ങിവരും സമീപഭാവിയിൽ എന്നാണ് ഈ എഴുത്തുകാരന്റെ പ്രത്യാശ.

ഒരു പക്ഷെ ഇപ്പോഴത്തെ നമ്മുടെ കുടുംബജീവിതത്തിൽ അവിടെ ഇന്നുകാണുന്ന വികലത ആർഷഭാരതത്തിൽനിന്നും അന്യമായ പുതിയ സംസ്കാരവുമായി എങ്ങിനെ പ്രതികരിക്കണം എന്നറിയാതെ വരുന്നതുകൊണ്ടാവാം.

ഒരു പ്രവാചകന്റെ ഉൾവിളിയോടെ ഒരു സമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ ശക്തിയാർന്ന സ്വരം ഉയർന്നു കേട്ടു.

അമേരിക്കയിലെ മലങ്കര ഓർത്തഡോക്സുകാരെ! നിങ്ങളുടെ കാതുകൾക്ക് ശ്രവിക്കുവാൻ ഇതാ ദൈവത്തിന്റെ അരുളപ്പാട്.

വേദപുസ്തകം തുറന്ന് ആവർത്തന പുസ്തകം 8-ാം അദ്ധ്യായം 7 മുതൽ 20 വരെ വാക്യങ്ങൾ വായിച്ചു.

'നിന്റെ ദൈവമായ യഹോവാ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോന്നത്. അത് താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളുമുള്ള ദേശം: കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം: ഒലിവുവൃക്ഷവും തേനും ഉള്ളദേശം: സുഭിക്ഷമായി ഉപജീവനം കഴിയാവുന്നതും ഒന്നിനും കുറവില്ലാത്തതുമായ ദേശം. കല്ല് ഇരുമ്പായിരിക്കുന്നതും മലകളിൽനിന്ന് താമ്രംവെട്ടി എടുക്കുന്നതുമായ ദേശം. നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവാ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ച് സ്തോത്രം ചെയ്യണം. നിന്റെ ദൈവമായ യഹോവയെ മറക്കാതിരിപ്പാനും, ഞാൻ ഇന്നു നിന്നോടു കല്പിക്കുന്ന അവന്റെ കല്പനകളും വിധികളും ചട്ടങ്ങളും അലക്ഷ്യമാക്കാതിരിപ്പാനും, നീ ഭക്ഷിച്ചു തൃപ്തിപ്രാപിച്ച് നല്ല വീടുകൾ പണിതു് അവയിൽ പാർക്കുമ്പോഴും നിന്റെ ആടുമാടുകൾ പെരുകി നിനക്കു വെള്ളിയും പൊന്നും ഏറി നിനക്കുള്ളത് ഒക്കെയും വർദ്ധിക്കുമ്പോഴും നിന്റെ ഹൃദയം നിഗളിക്കാതിരിപ്പാനും, നിന്നെ അടിമവീടായ മിസ്രായേമിൽനിന്നു പുറപ്പെടുവിക്കുകയും അഗ്നിസർപ്പവും തേനും വെള്ളവുമില്ലാതെ വരൾച്ചയും ഉള്ള വലിയതും ഭയങ്കരവുമായ മരുഭൂമിയിൽക്കൂടി നിന്നെ കൊണ്ടുവരികയും തീക്കൽപാറയിൽനിന്ന് നിനക്ക് വെള്ളം പുറപ്പെടുവിക്കുകയും നിന്നെ താഴ്ത്തി പരീക്ഷിച്ച് പിൽകാലത്ത് നിനക്ക് നന്മചെയ്യേണ്ടതിന് മരുഭൂമിയിൽനിന്നെ നിന്റെ പിതാക്കന്മാർ അറിയാത്ത മന്നകൊണ്ട് പോഷിപ്പിക്കുകയും ചെയ്ത നിന്റെ ദൈവമായ യഹോവയെ നീ മറന്നു. എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്ന് നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചുകൊള്ളേണം. നിന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം. നിന്റെ പിതാക്കന്മാരോടു സത്യംചെയ്ത തന്റെ നിയമം ഇന്നുള്ളതുപോലെ ഉറപ്പിക്കേണ്ടതിന് അവനല്ലോ സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നത്. നിന്റെ ദൈവമായ യഹോവയെ നീ മറക്കയും അന്യദൈവങ്ങളെ പിൻതുടർന്ന് അവയെ നമസ്കരിക്കയും ചെയ്താൽ നിങ്ങൾ നശിച്ചുപോകും എന്ന് ഞാൻ ഇന്നു നിങ്ങളോടു സാക്ഷീകരിക്കുന്നു.'

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

(തുടരും)

---

# ശാന്തി ദൂതന്...

(3-ാം പേജിൽനിന്നും തുടർച്ച)

ഇന്നും ബഹുമാനിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

പി. എസ്സ്. സി. മെമ്പർ എ. കെ. തോമസ് സ്വാഗതവും, ഭദ്രാസന സെക്രട്ടറി ഫാ: മത്തായി വിലനിലം കൃതജ്ഞതയും പറഞ്ഞു.

ജൻമദിനാഘോഷങ്ങളുടെ ഭാഗമായി നിർമ്മിക്കുന്ന 135 ഭവനങ്ങളിൽ പൂർത്തിയായ മൂന്നു ഭവനങ്ങളുടെ താക്കോൽദാനം പ: കാതോലിക്കാ ബാവാ നിർവ്വഹിച്ചു. കൂടാതെ മാവേലിക്കരയിൽ ആരംഭിക്കുന്ന വൈദിക പഠനകേന്ദ്രം നിർമ്മിക്കുന്നതിന് 40 സെന്റ് സ്ഥലം ഫാ: മത്തായി വിലനിലം സംഭാവനയായി നൽകിയതിന്റെ ആധാരം അദ്ദേഹം തന്നെ പ: ബാവായെ ഏൽപ്പിച്ചു.

ഇതിന്നിടയിൽ ഭവനദാന പദ്ധതിയിൽ സഹകരിച്ച് വീടുകൾ നിർമ്മിച്ചു നൽകുവാൻ തയ്യാറായി പലരും മുമ്പോട്ടുവന്നു 95,000 രൂപയാണ് 10 പേർ വാഗ്ദാനം ചെയ്തത്.

### നിയുക്ത കാതോലിക്കായുടെ ജന്മദിനം: ഭവനരഹിതരുടെ സ്വപ്നം പൂവണിയിക്കുന്നു.

ഗവർണ്ണറുടെ അഭാവത്തിൽ ഔപചാരികതയുടെ വിലക്കുകൾ നഷ്ടമായി. ഒരു കുടുംബസമ്മേളനംപോലെയായിത്തീർന്നു ജന്മദിനാഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനം. നർമ്മസംഭാഷണങ്ങൾക്കും പൊട്ടിച്ചിരികൾക്കും അവിടെ ലോപമില്ലായിരുന്നു.

നർമ്മഭാഷണങ്ങൾക്ക് തിരികൊളുത്തിയതുതന്നെ പ. കാതോലിക്കാബാവാ തിരുമനസ്സാണ്. അദ്ദേഹം തന്റെ പ്രസംഗത്തിനിടയിൽ ആളുകളെ ചൊടിപ്പിക്കുവാൻ ഒരു ഫലിതമെറിഞ്ഞു. 'ഈ നൂറ്റിമുപ്പത്തഞ്ചുവീടുകൾ പണിതീരുന്നതു് കണ്ടറിയണം.'

അതുകേട്ട് സദസ്സ് പൊട്ടിച്ചിരിച്ചു. അതിന്റെ പ്രതിഫലമായി മാർ ഒസ്താത്തേ്യാസ് മെത്രാപ്പോലീത്താ നൂറ്റിഒന്നാമത്തെ വീട് താൻ സംഭാവന ചെയ്യുന്നതാണെന്ന് പ്രഖ്യാപിച്ചു. വീടൊന്നിന് പതിനായിരത്തി ഒന്നു രൂപയാണ് ചിലവ് വരുന്നത്.)

പിന്നീട് ഓഫറുകളുടെ പ്രളയമായി. മുത്തൂറ്റ് പാപ്പച്ചൻ ആദ്യം ഒരു വീട് സംഭാവന ചെയ്യാമെന്ന് പറഞ്ഞതാണ്. എന്നാൽ പിന്നീട് ഒന്നുകൂടി നൽകാമെന്ന് പ്രഖ്യാപിച്ചു. ഭവനദാനപദ്ധതിയിൽ ഭവനങ്ങൾ സംഭാവന ചെയ്യുന്ന മറ്റുള്ളവർ.

1 പി. ഒ. തോമസ് വൈദ്യൻ, ജയഭാരതം, പുനലൂർ

2 സന്തോഷ് കുഞ്ഞുമോൻ, സന്തോഷ് ചിട്ടിഫണ്ട് പുനലൂർ

3 കുഞ്ഞപ്പൻ കണ്ടമത്ത്(ത്രിവേണി) പുനലൂർ

4 പ്രിൻസ്അലക്സാണ്ടർ, പത്തനാപുരം

5 ജോർജ്സൺ ഹാർഡ്വെയേഴ്സ് അടൂർ

6 കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളേജ് ടീച്ചിംഗ് സ്റ്റാഫ്

തയ്യാറാക്കിയത്—
**ജോൺ കക്കാട്ട്**



ഷൈന ഫിലിപ്പ്

സണ്ടേസ്കൂൾ സോണൽ മത്സരത്തിൽ പ്രസംഗത്തിന് രണ്ടാം സ്ഥാനം നേടിയ ഷൈന ഫിലിപ്പ്. അയിരൂർ കരിശുമൂട്ടം സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക സണ്ടേസ്കൂൾ വിദ്യാർത്ഥിയാണ് ഷൈന

## വാർഷികസമ്മേളനം

ചെങ്ങന്നൂർ: ഭദ്രാസനത്തിലെ പ്രാർത്ഥനായോഗങ്ങളുടെ മൂന്നാം വാർഷികസമ്മേളനം ജനുവരി 29 ഞായറാഴ്ച ബഥേൽ അരമനയിൽ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫാ. 'ജോസഫ് സാമുവേൽ, പ്രൊഫ. സൂസി എബ്രഹാം എന്നിവർ പ്രസംഗിച്ചു. ഭദ്രാസനത്തിലെ വൈദികർഉൾപ്പെടെവിവിധ പ്രാർത്ഥനായോഗങ്ങളെ പ്രതിനിധീകരിച്ച് മുന്നൂറോളം പ്രതിനിധികൾ സന്നിഹിതരായിരുന്നു. ഭദ്രാസനപ്രാർത്ഥനായോഗം സെക്രട്ടറി P. K. കോരുത്ത് സ്വാഗതവും ആഭ്യന്തരമിഷൻ ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പി. സി. മാത്യു കൃതജ്ഞതയും പറഞ്ഞു.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാന്യമിത്രങ്ങൾക്ക്,

നിയുക്ത കാതോലിക്കാ അഭിവന്ദ്യ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ 75-ാം ജന്മദിനവും കൊല്ലം ഇടവകയുടെ സഹായമെത്രാൻ അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പായുടെ 60-ാം ജന്മദിനവും പ്രമാണിച്ച് കൊല്ലം ഭദ്രാസനം 135 വീടുകൾ ഭവനരഹിതർക്ക് നിർമ്മിച്ചു നല്കുകയാണ്. ആദ്യപടിയായി നിർമ്മിച്ച 3 വീടുകളുടെ താക്കോൽ ദാനം ഹിന്ദു, മുസ്ലീം, ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട മൂന്നുപേർക്കു നൽകിക്കൊണ്ട് പരിശുദ്ധ ബാവാ നിർവ്വഹിച്ചു.

ഹെറാൾഡിൻെറ ആഭിമുഖ്യത്തിൽ വായനക്കാരുടെ വകയായി ഒരു വീട് സംഭാവന ചെയ്യണമെന്ന് ജന്മദിനാശംസകൾ നേരുവാനെത്തിയ ഹെറാൾഡ് പ്രതിനിധികളോട് നിയുക്ത കാതോലിക്കാ ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിൻെറ ആഗ്രഹപ്രകാരം ഒരു വീടിനുള്ള പതിനായിരം രൂപാ സംഭരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. വായനക്കാരായ നിങ്ങളുടെ സഹകരണം ലഭിക്കുമെങ്കിൽ, ഓർത്തഡോക്സ് ഹെറാൾഡ്, ദേവലോകം അരമന, കോട്ടയം 686 038 എന്ന വിലാസത്തിൽ തുക പണമായോ ചെക്കായോ അയയ്ക്കുക. പേരും തുകയും ഹെറാൾഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## ബത്തലോമ്മാ ......

(1-ാം പേജിൽനിന്നും തുടർച്ച)

കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ സെൻറ് കുറിയാക്കോസ് പള്ളിയിൽ നടത്തി. മലങ്കര സഭാ മാനേജിംഗ്കമ്മിററിയംഗം, വർക്കിംഗ് കമ്മിററിയംഗം, ഫിനാൻസ് കമ്മിററിയംഗം, നിരണം ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. കടമാൻകുളം സെൻറ് ജോർജ്ജ് പുറമററം സെൻറ് കുറിയാക്കോസ് പള്ളികളുടെ സ്ഥാപകനാണ്. കല്ലൂപ്പാറ സിറിയൻ കൺവെൻഷൻ പ്രസിഡൻറും പേരാലുംമൂട്ടിൽ കുടുംബയോഗം പ്രസിഡൻറുമാണ്. കല്ലൂപ്പാറ സെൻറ് സ്റ്റീഫൻസ്, ചെങ്ങരൂർ സെൻറ് ജോർജ്ജ്, തെങ്ങേലി സെൻറ്ജോർജ്ജ്, കവിയൂർ സ്ലീബാ, വെണ്ണിക്കുളം സെൻറ് ബഹനാൻസ്, കുറിച്ചി പുത്തൻപള്ളി, ചങ്ങവനം, തുരുത്തിക്കാട്, ഇരവിപേരൂർ എന്നീ പള്ളികളിലും വികാരിയായിരുന്നിട്ടുണ്ട്. നിരണം ഭദ്രാസനത്തിൻെറ മാർത്തോമ്മാ ദീവന്നാസിയോസ് മെത്രാപ്പോലീത്തായിൽനിന്നും കോർ എപ്പിസ്കോപ്പാ സ്ഥാനം ലഭിച്ചു. കല്ലൂപ്പാറ മുത്തേടത്തു പരേതയായ ശോശാമ്മയാണു ഭാര്യ.

## ഫാ. ഗീവർഗീസ്

റാന്നി: തോട്ടമൺ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവക വികാരി തോപ്പിൽ ഫാ. ടി.ടി. ഗീവർഗീസ് (ചേന്ദനാനിക്കൽ അച്ചൻ-80) നിര്യാതനായി. സംസ്കാരം പരിശുദ്ധ കാതോലിക്കാബാവായുടെ കാർമ്മികത്വത്തിൽ തോട്ടമൺ സെൻറ് തോമസ് പള്ളിയിൽ നടത്തി. ചെമ്പൻമുഖം സെൻറ് ജോൺസ്, കുററിയാനി സെൻറ്ജോർജ്ജ്, വെള്ളക്കല്ലുങ്കൽ സെൻറ് ജോർജ്ജ്, കരിമ്പനാകുഴി സെൻറ് മേരീസ്, കീക്കൊഴൂർ സെൻറ് പീറേറഴ്സ്, വയലത്തല സെൻറ് മേരീസ് തുടങ്ങി ഇരുപത്തഞ്ചോളം പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ട്. വയലത്തല വടശേരിയത്ത് കുടുംബാംഗമായ ഏലിയാമ്മയാണു ഭാര്യ.









രോഗസൗഖ്യം




ഉദ്ദിഷ്ടകാര്യസിദ്ധി




ഉപകാരസ്മരണ

ഏലിയാപ്രവാചകൻ
ഏലിശാപ്രവാചകൻ

P O MAMMEN
പുത്തൻകാവ്


ജന്മദിനമാഘോഷിക്കുന്ന

നിയുക്ത കാതോലിക്കായ്ക്കും
മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പായ്ക്കും

ആശംസകൾ

പ്രിൻസിപ്പൽ, അദ്ധ്യാപകർ,
വിദ്യാർത്ഥികൾ
സെൻറ് സിറിൾസ് കോളജ്
അടൂർ


ജന്മദിനാഘോഷങ്ങളോടനുബന്ധിച്ച് നിർമ്മിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ സഹകരിച്ച് ഭവനരഹിതരെ സഹായിക്കുക

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archan Offset Printers Collectorate P. O. Kottayam-2 Manger Fr. Raju Varghese, Asst. Manager A. J. George, Circulation Asst K. P. Jacob (Hon Cheif) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office, Address:Malankara Orthodox Herald Devalokam Kottayam-686 038